## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4683** **22.03.2018-ൽ മറുപടിയ്ക്ക്**

### <u>ലോട്ടറി വിറ്റുവരവും ജി.എസ്.റ്റിയും</u>

| ചോദ്യം<br>ശ്രീ.പി.കെ. ശശി : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറി വകുപ്പിന് 2017 വർഷം ലഭ്യമായ ജി.എസ്.റ്റി ഉൾപ്പെടെയുള്ള വരുമാനം എത്ര; ലാഭവിഹിതം സഹിതം വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് 2017-18 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ ഫെബ്രുവരി വരെ ലഭ്യമായ ജി.എസ്.റ്റി. ഉൾപ്പെടെയുള്ള വരുമാനം 8977.25 കോടി രൂപയാണ്.<br>മുഖവില അടിസ്ഥാനമാക്കിയുള്ള വിറ്റുവരവ് - 8231.85 കോടി<br>ജി.എസ്.റ്റി. - <u>745.40</u> കോടി<br>ആകെ. 8977.25 കോടി<br>2017-18 സാമ്പത്തിക വർഷം ഏപ്രിൽ മാസം മുതൽ ഫെബ്രുവരി മാസം വരെയുള്ള ഏകദേശ ലാഭം 1585.53 കോടി രൂപയാണ്. |
| (ബി) | കാരുണ്യാ ചികിത്സാ ധനസഹായം ഉൾപ്പെടെ 2017-ൽ ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2017-18 സാമ്പത്തിക വർഷം ഏപ്രിൽ മാസം മുതൽ ഫെബ്രുവരി മാസം വരെയുള്ള വകുപ്പിന്റെ ആകെ ചെലവ് ഏകദേശം 6646.65 കോടി രൂപയാണ്. ഓരോ സാമ്പത്തിക വർഷവും കാരുണ്യാ ചികിത്സാ ധന സഹായത്തിനുവേണ്ടി ഗവൺമെന്റ് ഒരു നിശ്ചിത തുക ബഡ്ജറ്റ് പ്രൊവിഷനായി '2075-00-103-95-Net proceeds of Lotteries transferred to Karunya Benevolent Fund' എന്ന ശീർഷകത്തിൽ അനുവദിക്കാറുണ്ട്. 2017-18 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അനുവദിച്ച മുഴുവൻ തുകയും പിൻവലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | ലോട്ടറി വകുപ്പിന് ജി.എസ്.റ്റി നമ്പർ നിലവിലുണ്ടോ; എങ്കിൽ ഏജന്റുമാർക്കു നല്കുന്ന ബില്ലുകളിൽ | (സി) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് ജി.എസ്.റ്റി. നമ്പർ നിലവിലുണ്ട്. (Reg.No.32 AAA GD 05 11 LIZI). ആയത് ഏജന്റുമാർക്ക് നൽകുന്ന ബില്ലുകളിൽ |

| | | | |
|---|---|---|---|
| | ആയത് രേഖപ്പെടുത്തുന്നുണ്ടോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | | രേഖപ്പെടുത്തുന്നുണ്ട്. |
| (ഡി) | 2017 മുതൽ നാളിതുവരെ ജി.എസ്.റ്റി ഇനത്തിൽ ലോട്ടറി വകുപ്പ് പിരിച്ചെടുത്ത തുക എത്ര; | (ഡി) | 2017-18 സാമ്പത്തിക വർഷം ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെ ജി.എസ്.റ്റി. ഇനത്തിൽ ഭാഗ്യക്കുറി വകുപ്പ് പിരിച്ചെടുത്ത തുക 745.40 കോടി രൂപയാണ്. |
| (ഇ) | ജി.എസ്.റ്റി നമ്പരുള്ള ലോട്ടറി ഏജന്റുമാർ എത്രപേർ നിലവിലുണ്ട്; അവർക്ക് പണമടയ്ക്കാൻ പ്രസ്തുത നമ്പർ ഉപയോഗിക്കാൻ വകുപ്പ് അനുമതി നല്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | നിലവിൽ ഭാഗ്യക്കുറി വകുപ്പ് നേരിട്ടാണ് ജി.എസ്.റ്റി. ഒടുക്കി വരുന്നത്. ആയതിനാൽ വകുപ്പിന് പൊതുവായ ഒരു ജി.എസ്.റ്റി. നമ്പരാണുള്ളത് (Reg.No.32 AAA GD 05 11 LIZI) |

**സെക്ഷൻ ഓഫീസർ**